ഐ.ടി. പഠന വികസനത്തിന് നടപടി

53(742) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. പഠന വികസനത്തിന് കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) തുടർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ഐ.ടി. പഠനവികസനത്തിന് ഐ.ടി.@ സ്കൂൾ പ്രോജക്ട് 2007 മുതൽ സ്കൂളുകൾക്ക് വിവിധ ഐ.ടി. അനുബന്ധ സൗകര്യങ്ങൾ നൽകി വരുന്നുണ്ട്. 2008 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയായ ഐ.സി.ടി.ഇൻ സ്കൂൾ സ്കീം പ്രകാരം പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾക്ക് ഓരോ വർഷവും ഒരു ലക്ഷം രൂപയുടെ വീതം ഐ.ടി. പഠനത്തിനുതകുന്ന ഭൗതിക സാഹചര്യങ്ങൾ നൽകി വരുന്നു. ഇപ്രകാരം കുന്നത്തുനാട് നിയോജക മണ്ഡലത്തിലുള്ള 30 സ്കൂളുകൾക്ക് ഈ പദ്ധതിയുടെ സഹായം ലഭിച്ചു വരുന്നുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. കൂടാതെ 2009-2010-ൽ "ഒരു നിയോജക മണ്ഡലത്തിൽ ഒരു മോഡൽ ഐ.സി.ടി. സ്കൂൾ" പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജക മണ്ഡത്തിലെ പുത്രിക്ക ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് പ്രത്യേക സഹായം നൽകിയിട്ടുണ്ട്. സ്കൂളുകളുടെ വിശദാംശങ്ങളും ഓരോ സ്കൂളിനും 2010-ൽ നൽകിയ ഭൗതിക സാഹചര്യങ്ങളുടെയും 2011-ൽ നൽകാനുദ്ദേശിക്കുന്ന ഭൗതിക സാഹചര്യങ്ങളുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഐ.ടി. അധിഷ്ഠിത പഠനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പദ്ധതികളാണ് കഴിഞ്ഞ രണ്ട് വർഷമായി ഐ.ടി. @ സ്കൂൾ പ്രോജക്ട് ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നത്. ഐ.സി.ടി. ഇൻ സ്കൂൾ സ്കീം പ്രകാരം ഐ.ടി. അധിഷ്ഠിത പഠനത്തിന് ആവശ്യമായ സാഹചര്യങ്ങളാണ് തുടർന്നുള്ള വർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സുസജ്ജമായ മൾട്ടിമീഡിയ മുറികൾ, കുട്ടികൾക്ക് അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന നോട്ട് ബുക്ക് പി.സി.-കൾ എന്നിവ സജ്ജീകരിക്കുന്നതിനാണ് ഭാവിയിൽ ഊന്നൽ കൊടുക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly